# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 496 — 12.06.2012-ൽ മറുപടിക്ക്

## വനിതാ സഹകരണ സൊസൈറ്റികൾക്കുള്ള സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) വനിതാ സഹകരണ സൊസൈറ്റികളെ സഹായിക്കുന്നതിന് 2012-13 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം പരിപാടികളാണ് ഉള്ളത്; | എ) വനിതാ സഹകരണ സംഘങ്ങളെ സഹായിക്കുന്നതിന് 2012-13 സാമ്പത്തിക വർഷത്തിൽ താഴെപറയുന്ന പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br>(1) കുടുംബശ്രീയുടെ പങ്കാളിത്തത്തോടെയുള്ള സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം.<br>(2) വനിത സഹകരണ സംഘങ്ങൾക്ക് തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്നതിനായി പ്രവർത്തന മൂലധന ഗ്രാന്റായും സർക്കാർ ഓഹരി മൂലധനമായും ഉള്ള ധനസഹായം.<br>(3) ദുർബലമായ വനിത സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള ധനസഹായം. |
| ബി) ഇതിനു വേണ്ടി എത്ര തുക വകയിരുത്തിയിട്ടുണ്ട്; | ബി) വനിതാ സഹകരണ സംഘങ്ങൾ ഉൾപ്പെടെ മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്ന വിഭാഗത്തിൽ സബ്സിഡി 550 ലക്ഷം, ഓഹരി 330 ലക്ഷം, വായ്പ 220 ലക്ഷം എന്നിങ്ങനെ ആകെ 11 കോടി രൂപ തൻ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരിക്കുന്നു. |
| സി) സൊസൈറ്റികളെ ധനസഹായത്തിനായി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ്? | സി) ഓരോ പദ്ധതിക്കും സർക്കാർ അംഗീകരിച്ച ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിധേയമായാണ് സംഘങ്ങളെ തെരഞ്ഞെടുക്കുന്നത്. പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ താഴെ പറയുന്നു.<br>(1) സംഘം പ്രവർത്തനം അഴിമതി രഹിതമായിരിക്കണം.<br>(2) സംഘത്തിന് സർക്കാരിലേക്ക് യാതൊരു വിധ കുടിശ്ശികയും ഉണ്ടാകാൻ പാടില്ല.<br>(3) അംഗങ്ങൾക്ക് തൊഴിൽ സാദ്ധ്യതയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് ഉണ്ടായിരിക്കണം. |

സെക്ഷൻ ഓഫീസർ